പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3487 09.04.2013 -ൽ മറുപടിക്ക്

# 'ജിഡ' ഫണ്ടുപയോഗിച്ചുള്ള ശുദ്ധ ജലവിതരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ് ശർമ്മ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| (എ) ജിഡ-ഫിഷറീസ് ഫണ്ട് ഉപയോഗിച്ച് വൈപ്പിൻ മണ്ഡലത്തിൽ ശുദ്ധജലവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നോർത്ത് പറവൂർ പമ്പ് ഹൗസുമുതൽ വളപ്പ് ജംഗ്ഷൻ വരെ ജിഡ പദ്ധതിയിൽപ്പെടുത്തി കുടിവെള്ള വിതരണ പൈപ്പ് സ്ഥാപിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) നോർത്ത് പറവൂർ പമ്പ് ഹൗസിൽ നിന്ന് ചെറായി ജംഗ്ഷൻ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി റോഡ് പൊളിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ: ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (ബി) പറവൂരിലെ തിരക്കേറിയ പൊട്ടൻ തെരുവ് (കെഎം.കെ) ജംഗ്ഷനും കഴിഞ്ഞ വർഷം ബി.എം & ബി.സി ചെയ്ത റോഡു ഭാഗവും പൊളിക്കാതിരിക്കുന്നതിനായി കെ.ഡബ്ല്യു.എ. ഉദ്യോഗസ്ഥരോട് മറ്റൊരു നിർദ്ദേശം നൽകാൻ ആവശ്യപ്പെടുകയും ആയത് ആവശ്യപ്പെട്ട സമയത്ത് വാക്കാൽ അംഗീകരിച്ചുവെങ്കിലും ഇതുവരെ ഒരു തരത്തിലുമുള്ള മറുപടിയും ലഭിക്കാത്തതു കൊണ്ട് പ്രസ്തുത ഭാഗം ഒഴിവാക്കി ബാക്കിയുള്ള ഭാഗത്ത് ട്രെഞ്ചിംഗിനു അനുമതി നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| ((സി) പി.ഡബ്ല്യു.ഡി യുടെ അനുമതി ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി രേഖാമൂലം അപേക്ഷ നൽകിയിരുന്നോ ; പ്രസ്തുത അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ ? | (സി) ഉണ്ട്. റെസ്റ്റൊറേഷൻ ചാർജ്ജ് അടച്ച ഭാഗത്ത് ട്രെഞ്ചിംഗിനു അനുമതി നൽകുകയും പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ